# സ്പോർട്സ് ക്വാട്ട ഓൺലൈൻ അപേക്ഷ സമർപ്പണം (രണ്ടാം ഘട്ടം)

## പൊതുനിർദേശങ്ങൾ

1. സ്പോർട്സ് ക്വാട്ട അഡ്മിഷൻ ഒന്നാം ഘട്ടത്തിൽ സ്പോർട്സിൻെറ മികവ് ഓൺലൈനായി സമർപ്പിച്ച് സർട്ടിഫിക്കറ്റുകൾ അതത് സ്പോർട്സ് കൗൺസിലുകൾ വെരിഫൈ ചെയ്ത് സ്കോർ കാർഡ് ലഭിച്ചവർക്ക് മാത്രമേ രണ്ടാം ഘട്ടത്തിൽ അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളു.
2. അഡ്മിഷൻപോർട്ടലായ www.hscap.kerala.gov.in ൻെറ ഹോം പേജിലെ 'PUBLIC' ടാബിനു താഴെയുള്ള 'APPLY ONLINE-SPORTS' ലിങ്കിൽ ക്ലിക്ക് ചെയ്യുക.
3. അപ്പോൾ താഴെ കാണുന്ന ലോഗിൻ പേജ് ദൃശ്യമാകുന്നതാണ്.


Candidate Login (SPORTS)

| | |
|---|---|
| Sports Registration No. | Sports Register No. * |
| SSLC Scheme | SELECT SCHEME * |
| Register No. | REGISTER NO. * |
| Month pass | SELECT MONTH PASS * |
| Year pass | Select Year Pass * |
| Date of Birth (DD-MM-YYYY) | Date of Birth * |
| Type the Code Shown in the Box | Enter the Captcha * |
| | 24457 |

Submit Reset

4. ലോഗിൻ പേജിൽ അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന ജില്ല, സ്പോർട്സ് രജിസ്ട്രേഷൻ നമ്പർ, യോഗ്യതാ പരീക്ഷയുടെ സ്കീം, രജിസ്റ്റർ നമ്പർ,മാസം ,വർഷം,ജനനതീയതി എന്നിവ നൽകിയ ലോഗിൻ പേജിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകി കഴിയുമ്പോൾ ഓൺലൈൻ അപേക്ഷ ഫോറം കാണാവുന്നതാണ്. ആയതിലൂടെ അപേക്ഷകർക്കു തങ്ങളുടെ പൊതുവിവരങ്ങൾ,ഗ്രേഡ് വിവരങ്ങൾ,ഓപ്ഷനുകൾ എന്നിവ നൽകാവുന്നതാണ്. അപേക്ഷാ വിവരങ്ങൾ അന്തിമമായി സമർപ്പിക്കുന്നതുവരെ അപേക്ഷാ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്.
5. അപേക്ഷാ വിവരങ്ങൾ അന്തിമമായി സമർപ്പിച്ചു കഴിഞ്ഞ ശേഷം വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പു വെച്ച അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും, സ്കോർ കാർഡ് , മറ്റു അനുബന്ധ

രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ജില്ലയിലെ ഏതെങ്കിലും ഒരു ഹയർ സെക്കൻററി സ്കൂളിൽ വേരിഫിക്കേഷനായി സമർപ്പിക്കേണ്ടതാണ്.

6. **ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ സ്കൂളുകളിൽ നിന്നും വേരിഫിക്കേഷൻ നടത്തിയാൽ മാത്രമേ അലോട്ട്മെൻറിനായി പരിഗണിക്കുകയുള്ളു.**

## അപേക്ഷാഫോറം പൂരിപ്പിക്കുന്നതിനുള്ള നിർദേശങ്ങൾ

1 താഴെക്കൊടുത്തിരിക്കുന്ന വിവിധ സ്കീമുകളിൽ നിന്നും അപേക്ഷകന്റെ സ്കീമും അതിന്റെ കോഡും കണ്ടെത്തി എഴുതുക.

| സ്കീം | കോഡ് | സ്കീം | കോഡ് |
|---|---|---|---|
| SSLC(Grading System)2015-16 | 01 | ICSE | 06 |
| SSLC(Grading System) 2007 to 2015 | 02 | THSLC-Technical (Grading System) | 07 |
| SSLC(Grading System)2005, 2006 | 03 | SSLC(IED) | 08 |
| THSLC-IHRD(Grading System) | 04 | Other | 09 |
| CBSE | 05 | THSLC-Technical (NewScheme 2016 onwards) | 10 |

2 എസ്. എസ്. എൽ.സി. പരീക്ഷയുടെ രജിസ്റ്റർ നമ്പർ **476146** എന്നാണെങ്കിൽ അത് ഇങ്ങനെ രേഖപ്പെടുത്തുക

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 4 | 7 | 6 | 1 | 4 | 6 |

3 എസ്.എസ്.എൽ.സി. പരീക്ഷ പാസായ വർഷവും മാസവുമാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്.

ഉദാ: **2017** മാർച്ചിലാണ് പരീക്ഷ പാസായതെങ്കിൽ മാസം

| 0 | 3 | എന്നും വർഷം | 2 | 0 | 1 | 7 | എന്നും രേഖപ്പെടുത്തുക. |
|---|---|---|---|---|---|---|---|

4 a)എസ്. എസ്. എൽ.സി. പരീക്ഷയ്ക്ക് പഠിച്ച സ്കൂളിന്റെ പേരും കോഡുമാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. അതേ സ്കൂളിൽ ഹയർസെക്കന്ററിക്ക് പ്രവേശനം ആവശ്യപ്പെടുന്ന വിദ്യാർത്ഥിക്ക് ബോണസ് മാർക്ക് നൽകുന്നതിന് വേണ്ടിയാണിത്. അനുബന്ധം 10 ൽ താൻ എസ്. എസ്. എൽ.സി. ക്ക് പഠിച്ച സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അപേക്ഷകൻ നോക്കുക. ഉണ്ടെങ്കിൽ അനുബന്ധത്തിൽ ആ സ്കൂളിന്റെ പേരിനൊപ്പം ചേർത്തിരിക്കുന്ന സ്കൂൾ കോഡ് എഴുതുക. ഈ ലിസ്റ്റിലില്ലാത്ത മറ്റേതൊരു സ്കൂളിൽ പഠിച്ചാലും ലിസ്റ്റിനൊടുവിലുള്ള **Others** ന്റെ കോഡായ 1 2 3 4 5 എന്ന് എഴുതുക.

b) ബോർഡിൻെറ പൊതു പരീക്ഷയിൽ യോഗ്യത നേടിയവർ **Yes** എന്ന ബോക്സിലും മറ്റുള്ളവർ **No** എന്ന ബോക്സിലും '✓' മാർക്ക് ചെയ്യുക.

5 a) അപേക്ഷകന്റെ പേരെഴുതുമ്പോൾ എസ്. എസ്. എൽ.സി. സർട്ടിഫിക്കറ്റിലുള്ളതുപോലെ ക്യാപിറ്റൽ അക്ഷരങ്ങളിൽ ഇനിഷ്യലുകൾ അവസാനം വരുന്ന രീതിയിൽ എഴുതുക.

b) ആധാർ നമ്പർ / എൻറോൾമെൻറ് നമ്പർ ഉണ്ടെങ്കിൽ രേഖപ്പെടുത്തുക

6 ആൺകുട്ടിയോ പെൺകുട്ടിയോ എന്ന് പ്രസക്തമായ കോളത്തിൽ '✓' മാർക്ക് ചെയ്യുക.

7 കാറ്റഗറിയും കാറ്റഗറികോഡും താഴെക്കാണിച്ചിരിക്കുന്ന പട്ടികയും അനുബന്ധം 2-ഉം പരിശോധിച്ച് എഴുതുക.

| കാറ്റഗറി | കോഡ് | കാറ്റഗറി | കോഡ് |
|---|---|---|---|
| **General** | **01** | **SC** | **07** |
| **Ezhava,Thiyya, Billava(ETB)** | **02** | **ST** | **08** |
| **Muslim** | **03** | **Dheevara& Related** | **14** |
| **Latin Catholic& SIUC** | **04** | **Viswakarma&Related** | **15** |
| **OBC Christian** | **05** | **Kusavan&Related** | **16** |

| | |
|---|---|
| **OBCHindu** (ഈഴവ, തീയ്യ, ബില്ലവ ഒഴികെയുള്ളവർ) | **06** |

| | |
|---|---|
| **Kudumbi** | **17** |

ഓ.ഇ.സി. വിഭാഗത്തിന് പ്രത്യേക സംവരണം ഇല്ല. എന്നാൽ പ്രോസ്പെക്ടസിന്റെ 13-ാം ഖണ്ഡിക പ്രകാരമുള്ള ആനുകൂല്യം ലഭിക്കും. പ്രത്യേക സംവരണമില്ലാത്തത്കൊണ്ട് 7-ാം കോളത്തിൽ കാറ്റഗറി സൂചിപ്പിക്കേണ്ടിടത്ത് OEC വിഭാഗക്കാർ General എന്നാണ് പൊതുവെ രേഖപ്പെടുത്തേണ്ടത്. എന്നാൽ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട പട്ടികജാതിക്കാർ **OEC** വിഭാഗത്തിലും **OBC Christian** വിഭാഗത്തിലും ഉൾപ്പെടുന്നുണ്ട്. അതുപോലെ ധീവര, കുടുംബി, കുശവ എന്നീ സമുദായങ്ങൾ **OEC** വിഭാഗത്തിലും ഉൾപ്പെടുന്നുണ്ട്. ഇവർ 7-ാം കോളത്തിൽ **General** എന്നതിന് പകരം അതാത് വിഭാഗത്തിന്റെ പേരും കോഡും രേഖപ്പെടുത്തുകയും **11**-ാം കോളത്തിലെ **Yes** എന്ന ബോക്സിൽ '✓'മാർക്ക് ചെയ്യുകയും വേണം. വിവിധ സംവരണ വിഭാഗങ്ങളുടെ വിശദമായ ലിസ്റ്റ് അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്.

8 അപേക്ഷകന്റെ ജാതിയും മതവും അതാത് ബോക്സുകളിൽ രേഖപ്പെടുത്തുക.

9 ജനനത്തീയതി എസ്. എസ്. എൽ.സി. സർട്ടിഫിക്കറ്റിലുള്ളത്പോലെയാണ് എഴുതേണ്ടത്. അപേക്ഷകന്റെ ജനനത്തീയതി 1996 മാർച്ച് 17 ആണെങ്കിൽ അത് ഇങ്ങനെ രേഖപ്പെടുത്തുക.

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 1 | 7 | | 0 | 3 | | 1 | 9 | 9 | 6 |

10 അമ്മയുടെ ,അച്ഛന്റെ, രക്ഷകർത്താവിന്റെ പേരെഴുതുക.

11 ഓ.ഇ.സി. വിഭാഗത്തിൽപെടുന്ന അപേക്ഷകർ **Yes** എന്ന ബോക്സിലും മറ്റുള്ളവർ **No** എന്ന ബോക്സിലും '✓' മാർക്ക് ചെയ്യുക.

12 ഭാഷാന്യൂനപക്ഷത്തിൽ ഉൾപ്പെടുന്നവർ **Yes** എന്ന ബോക്സിലും മറ്റുള്ളവർ **No** എന്ന ബോക്സിലും '✓' മാർക്ക് ചെയ്യുക. **Yes** എന്നാണുത്തരമെങ്കിൽ ഭാഷയുടെ പേരെഴുതുക.

13 ശാരീരിക വൈകല്യമുള്ളവർ, അന്ധർ, ബധിരർ, മസ്തിഷ്ക രോഗങ്ങൾ മൂലം പഠനവൈകല്യങ്ങളുള്ളവർ മുതലായ വിഭാഗങ്ങളിൽപെടുന്ന അപേക്ഷകർ അതാത് ബോക്സുകളിൽ '✓' മാർക്ക് ചെയ്യുക. ഈ വിഭാഗങ്ങളിൽ പ്രവേശനം നേടാനാഗ്രഹിക്കുന്ന അപേക്ഷകർ പ്രോസ്പെക്ടസിന്റെ 13-ാം ഖണ്ഡികയിലെ കുറിപ്പ് 2 ൽ സൂചിപ്പിക്കും പ്രകാരം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ജില്ലാതലസമിതിയുടെ പരിശോധനക്ക് ഹാജരാക്കിയശേഷം സമിതി നൽകുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം വയ്ക്കുകയും സർട്ടിഫിക്കറ്റിലെ റഫറൻസ് നമ്പർ അപേക്ഷയിൽ രേഖപ്പെടുത്തുകയും ചെയ്യണം.

14 അനുബന്ധം **9** പരിശോധിച്ച ശേഷം മാത്രം അനുയോജ്യമായി പൂരിപ്പിക്കുക.

15&16 സ്ഥിരമേൽവിലാസവും (എസ്. എസ്. എൽ.സി. സർട്ടിഫിക്കറ്റിലുള്ളത്) നിലവിലുള്ള തപാൽ വിലാസവും വ്യക്തമായി ക്യാപിറ്റൽ അക്ഷരങ്ങളിൽ എഴുതുക. ബന്ധപ്പെടാനുള്ള ടെലിഫോൺ നമ്പരും സൂചിപ്പിക്കണം.ടെലിഫോൺ നമ്പർ നിർബന്ധമായി നൽകണം. വീട്ടിൽ ടെലിഫോണില്ലെങ്കിൽ ബന്ധപ്പെടാൻ കഴിയുന്ന മറ്റൊരു നമ്പർ(അയൽ വീട്ടിലെയോ പഠിച്ച സ്കൂളിലേയോ നമ്പരുമാകാം) നൽകണം.

- ഓപ്ഷനുകൾ (സ്കൂളും കോംബിനേഷനും) മുൻഗണനാക്രമത്തിലാണ് നൽകേണ്ടത്. അപേക്ഷകൻ പഠിക്കാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സ്കൂളും ആ സ്കൂളിലെ ഇഷ്ടപ്പെട്ട സബ്ജക്ട് കോംബിനേഷനുമാണ് ഒന്നാമത്തെ ഓപ്ഷനായി നൽകേണ്ടത്. ഒന്നാമത് ചോദിച്ച സ്കൂളിലെ ഇഷ്ടപ്പെട്ട കോംബിനേഷൻ ലഭിക്കുന്നില്ലെങ്കിൽ, അടുത്തതായി പരിഗണിക്കേണ്ട സ്കൂളും കോംബിനേഷനും രണ്ടാമത്തെ ഓപ്ഷനായി നൽകണം. ഇങ്ങനെ കൂടുതൽ പരിഗണന നൽകുന്ന സ്കൂളുകൾ ആദ്യമാദ്യം വരുന്ന രീതിയിൽ സൗകര്യപ്രദമായ സ്കൂളുകളും ഇഷ്ടപ്പെട്ട കോംബിനേഷനുകളും നൽകുക. ഒരിക്കലും പരിഗണന കുറഞ്ഞ സ്കൂളുകളും കോംബിനേഷനുകളും ആദ്യ ഓപ്ഷനായി നൽകരുത്.
- ആദ്യം, ഇഷ്ടവിഷയങ്ങളുള്ള സമീപപ്രദേശത്തെ സ്കൂളുകളുടെ ഒരു ലിസ്റ്റ് അനുബന്ധം **10** പരിശോധിച്ച് തയ്യാറാക്കുക. അതിനുശേഷം ഈ സ്കൂളുകളെയും കോഴ്സുകളെയും അപേക്ഷകന്റെ മുൻഗണനയനുസരിച്ച് ക്രമീകരിക്കുക. സ്കൂൾ, സബ്ജക്ട് കോംബിനേഷൻ, മുൻഗണന എന്നിവ പലപ്രാവശ്യം ഉറപ്പുവരുത്തിയ ശേഷം മാത്രം അപേക്ഷാഫാറത്തിലേക്ക് പകർത്തുക.
- സ്കൂൾ കോഡുകളും കോംബിനേഷൻ കോഡുകളും **18**-ാം ഖണ്ഡികയും അനുബന്ധം **9**-ഉം പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം മാത്രം രേഖപ്പെടുത്തുക.
- മുൻവർഷം ഓരോ സ്കൂളിലും വ്യത്യസ്തകോംബിനേഷനുകളിൽ ഒന്നാമത്തെ അലോട്ട്മെന്റിന്റെ അവസാനം പ്രവേശനം ലഭിച്ച റാങ്കുകാരുടെ(കാറ്റഗറി തിരിച്ച്) ഗ്രേഡ് പോയിന്റ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്. ഇത്

പരിശോധിച്ചാൽ ഓരോ സ്കൂളിലുമുള്ള അഡ്മിഷൻ സാധ്യത മനസ്സിലാക്കാനും അതനുസരിച്ച് ഓപ്ഷനുകൾ ക്രമീകരിക്കാനും കഴിയും.

- ഒരിക്കലും അപേക്ഷകൻ ആവശ്യപ്പെടാത്ത ഒരു സ്കൂളിലേക്കും ഏകജാലകസംവിധാനം വഴി അലോട്ട്മെന്റ് നൽകില്ല. അതിനാൽ വിദ്യാർത്ഥിക്ക് യാത്രാസൗകര്യമുള്ള സ്കൂളുകളുടെ പേരും അഡ്രസ്സും കോഡും നന്നായി ഉറപ്പുവരുത്തിയ ശേഷം മാത്രം എഴുതുക (ചില സ്കൂളുകളുടെ പേരുകൾ/സ്ഥലപ്പേരുകൾ സാദൃശ്യങ്ങളുള്ളവയുണ്ടാകും. അതിനാൽ അത്തരം സ്കൂളുകൾ തെരഞ്ഞെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക).
- അപേക്ഷകൻ നൽകിയ ഏതെങ്കിലും ഒരു ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ചാൽ അലോട്ട് ചെയ്ത ഓപ്ഷന് ശേഷമുള്ള എല്ലാ ഓപ്ഷനുകളും **(Lower options)** തനിയെ ക്യാൻസലാകും. എന്നാൽ അലോട്ട് ചെയ്ത ഓപ്ഷന് മുകളിലുള്ള ഓപ്ഷനുകൾ**(Higher options)**സ്ഥിരപ്രവേശനം നേടുന്നത് വരെ നിലനിൽക്കും. ആവശ്യമുള്ള പക്ഷം തെരഞ്ഞെടുത്ത **Higher option** കൾ മാത്രമായി ക്യാൻസൽ ചെയ്യാവുന്നതാണ്. ഇതിനായി ഡയറക്ടറേറ്റിൽ നിന്ന് അറിയിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷനൽകിയ സ്കൂളിനെ സമീപിക്കണം.
- അപേക്ഷയിലെ ടേബിളിൽ സ്കൂൾ കോഡ് എന്ന് രേഖപ്പെടുത്തിയതിന് താഴെയുള്ള **5** ചെറിയ ബോക്സുകളിലും കോംബിനേഷൻ കോഡിന് താഴെയുള്ള **2** ബോക്സുകളിലുമായി സ്കൂൾ കോഡും കോംബിനേഷൻ കോഡും എഴുതുക. ഉദാ: ഒന്നാമത്തെ ഓപ്ഷനായി **(Preference No.1) 01058** എന്ന സ്കൂളിലെ **01** എന്ന കോംബിനേഷൻ തെരഞ്ഞെടുക്കാനാഗ്രഹിക്കുന്ന ഒരപേക്ഷകൻ/അപേക്ഷക അത് രേഖപ്പെടുത്തേണ്ടത് താഴെക്കാണിച്ചിരിക്കുന്ന വിധമാണ്.

| Pref. No | School Code | | | | | Combination Code | |
|---|---|---|---|---|---|---|---|
| 1 | 0 | 1 | 0 | 5 | 8 | 0 | 1 |

ചില അപേക്ഷകർ ഒരു പ്രത്യേക സ്കൂളിന് മുൻഗണന നൽകുമ്പോൾ മറ്റ് ചിലർ ഒരു പ്രത്യേക വിഷയകോംബിനേഷനായിരിക്കും മുൻഗണന നൽകുന്നത്. ഉദാഹരണമായി 1058 എന്ന സ്കൂളിലെ ഏതെങ്കിലും വിഷയ കോംബിനേഷൻ ലഭിച്ചാൽ മതിയെന്നുള്ളവർ താഴെക്കാണുന്ന രീതിയിലാണ് മുൻഗണന രേഖപ്പെടുത്തുന്നത്.

| Pref. No | School Code | | | | | Combination Code | |
|---|---|---|---|---|---|---|---|
| 1 | 0 | 1 | 0 | 5 | 8 | 0 | 1 |
| 2 | 0 | 1 | 0 | 5 | 8 | 1 | 1 |
| 3 | 0 | 1 | 0 | 5 | 8 | 3 | 8 |

എന്നാൽ 01 എന്ന വിഷയ കോംബിനേഷന് മുൻഗണന നൽകുന്ന അപേക്ഷകർ താഴെക്കാണിച്ചിരിക്കുന്നത് പോലെ വിവിധ സ്കൂളുകളും കോംബിനേഷനും രേഖപ്പെടുത്തുന്നു.

| Pref. No | School Code | | | | | Combination Code | |
|---|---|---|---|---|---|---|---|
| 1 | 0 | 1 | 0 | 5 | 6 | 0 | 1 |
| 2 | 0 | 1 | 0 | 5 | 5 | 0 | 1 |
| 3 | 0 | 1 | 0 | 5 | 8 | 0 | 1 |

ഓരോ സ്കൂളിലും ലഭ്യമായ രണ്ടാം ഭാഷകളുടെ വിവരങ്ങളും അനുബന്ധം 8ൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയിൽ രണ്ടാം ഭാഷ ഓപ്റ്റ് ചെയ്യേണ്ടതില്ല. ലഭ്യതയനുസരിച്ച് സ്കൂളധികൃതരാണ് അവ അനുവദിച്ചുനൽകുന്നത്. കുട്ടി പഠിക്കാനാഗ്രഹിക്കുന്ന രണ്ടാം ഭാഷ സ്കൂളിലുണ്ടെന്നുറപ്പാക്കേണ്ടത് പ്രിൻസിപ്പലിന്റെ ചുമതലയാണ്.

<u>പ്രത്യേകശ്രദ്ധയ്ക്ക്</u>: അപേക്ഷകർക്ക് ആവശ്യമുള്ളപക്ഷം എത്ര ഓപ്ഷനുകൾ വേണമെങ്കിലും നൽകാവുന്നതാണ്. എന്നാൽ അപേക്ഷകർക്ക് പഠിക്കാൻ താല്പര്യമുള്ളതും യാത്രാ സൗകര്യമുള്ളതുമായ സ്കൂളുകൾ മാത്രം ഓപ്ഷനുകളായി നൽകുക. അലോട്ട്മെന്റ് ലഭിക്കുന്ന സ്കൂളിൽ താല്ക്കാലികമോ സ്ഥിരമോ ആയ പ്രവേശനം നേടണം. അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ നിർദ്ദിഷ്ടസമയത്തിനകം പ്രവേശനം നേടാതിരുന്നാൽ വിദ്യാർത്ഥി നോൺ ജോയിനിങ് ആയി റിപ്പോർട്ട് ചെയ്യപ്പെടും. നോൺ ജോയിനിങ് ആകുന്നതോടെ വിദ്യാർത്ഥിയുടെ അപേക്ഷാ വിവരങ്ങൾ കംപ്യൂട്ടറിൽ നിന്നും പൂർണമായി നീക്കം ചെയ്യും. തുടർന്നുള്ള അലോട്ട്മെന്റിൽ ഈ അപേക്ഷകരെ പരിഗണിക്കുന്നതല്ല. ആയതിനാൽ പഠിക്കാൻ താൽപര്യമുള്ള സ്കൂളുകളും

**കോഴ്സുകളും മാത്രം തെരഞ്ഞെടുക്കുക. അവ നിങ്ങളുടെ മുൻഗണനയനുസരിച്ച് ക്രമീകരിക്കുക. ഏത് ഓപ്ഷൻ ലഭിച്ചാലും പ്രവേശനം നേടുക. കൂടുതൽ മെച്ചപ്പെട്ട ഓപ്ഷൻ പ്രതീക്ഷിക്കുന്നെങ്കിൽ താല്ക്കാലിക പ്രവേശനം മാത്രം നേടുക. തുടർന്നുള്ള ഓരോ അലോട്ട്മെന്റും പരിശോധിക്കുക. Higher option-ൽ അലോട്ട്മെന്റ് ലഭിക്കുമ്പോൾ പുതുതായി ലഭിച്ച അലോട്ട്മെന്റിലേക്ക് മാറുക. അലോട്ട്മെന്റിനെ സംബന്ധിക്കുന്ന വാർത്തകൾ എല്ലാ പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കും. ഓരോ അലോട്ട്മെന്റ് ലിസ്റ്റും പ്രസിദ്ധീകരിച്ച വാർത്ത വന്നാൽ ഉടൻ തന്നെ കംപ്യൂട്ടറിലെ വെബ് ബ്രൗസറിന്റെ അഡ്രസ്സ് ബാറിൽ അഡ്മിഷൻ വെബ്സൈറ്റിന്റെ അഡ്രസ്സായ www.hscap.kerala.gov.in എന്ന് ടൈപ്പ് ചെയ്ത് സെർച്ച് ചെയ്യുക. ഹോം പേജിൽ അപേക്ഷാനമ്പർ, ജനനത്തീയതി എന്നിവ ടൈപ്പ് ചെയ്തശേഷം അപേക്ഷിച്ച ജില്ല സെലക്ട് ചെയ്ത് സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്താൽ അലോട്ട്മെന്റ് വിവരങ്ങൾ കാണാം. അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള അഭിനന്ദനങ്ങളും ലഭിച്ച സ്കൂൾ, കോംബിനേഷൻ മുതലായ വിവരങ്ങളും ആദ്യപേജിൽ കാണാം. ഇതേ പേജിലെ അലോട്ട്മെന്റ് സ്ലിപ്പ് എന്ന ബട്ടനിൽ ക്ലിക്ക് ചെയ്താൽ അപേക്ഷാ വിവരങ്ങളും അലോട്ട്മെന്റ് വിവരങ്ങളുമടങ്ങിയ അലോട്ട്മെന്റ് ലെറ്റർ കാണാം. അലോട്ട്മെന്റ് ലെറ്ററിന്റെ മാത്രം പ്രിന്റെടുത്ത് അസ്സൽ സർട്ടിഫിക്കറ്റുകളുമായി അലോട്ട്മെന്റ് ലഭിച്ച സ്കൂളിൽ ഹാജരാകണം. അലോട്ട്മെന്റ് ലഭിക്കാത്ത അപേക്ഷർക്ക് തങ്ങൾ അപേക്ഷിച്ച ഓരോ സ്കൂളിലും ലഭിച്ച റാങ്കും ആ സ്കൂളുകളിൽ ഓരോ വിഭാഗത്തിലും അവസാനം അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളുടെ റാങ്കും, WGPA വിവരങ്ങളും ലഭിക്കും. അലോട്ട്മെന്റ് ലഭിക്കാത്തവർ അടുത്ത അലോട്ട്മെന്റുകൾക്കായി കാത്തിരിക്കുക.** അപേക്ഷാവിവരങ്ങൾ, അലോട്ട്മെന്റ് മുതലായവ പരിശോധിക്കുന്നതിന് സ്കൂളുകളിലെ തന്നെ കംപ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാവുന്നതാണ്.

അനുബന്ധം 8

# FORMAT OF UNDERTAKING TO BE SUBMITTED BY PARENT/GUARDIAN OF CBSE APPLICANT IN STAMPED PAPER

## UNDERTAKING

I, father/mother/guardian of Master/Kumari……………………………………………

hereby solemnly affirm that my ward appeared for class X examination of CBSE Board at Board level Public Examination held in the year ………with Roll number…………….. … and has declared eligible for class XI of other state Board.

I understand that I am liable to face criminal proceedings and surrender the admission received by ward to standard XI in the State Higher Secondary schools if the undertaking furnished by me is proved false.

This undertaking is furnished for seeking admission to standard XI under the Kerala State Higher Secondary Board.

| | |
|---|---|
| Place | Signature of parent/guardian |
| Date | Name & Address of parent/guardian |

# ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യുമ്പോൾ

**ഓൺലൈനായി അപേക്ഷാവിവരങ്ങൾ എന്റർ *ചെയ്യുമ്പോൾ വളരെ ശ്രദ്ധയോടെയും ജാഗ്രതയോടെയും ചെയ്യുക.*** *ബോക്സുകളിൽ ഡാറ്റാ ടൈപ്പ് ചെയ്തശേഷം **'Tab key'** press ചെയ്താൽ cursor( | ) അടുത്ത ബോക്സുകളിലേക്ക് പോകും. അല്ലെങ്കിൽ ബോക്സിൽ മൗസ് ക്ലിക്ക് ചെയ്താലും മതി. മൗസിൽ **സിംഗിൾ ക്ലിക്ക്, ഡബിൾ ക്ലിക്ക്** എന്നിവ ചെയ്യുമ്പോൾ വളരെ **ശ്രദ്ധിക്കുക.** ഡാറ്റാ ടൈപ്പ് ചെയ്തശേഷം cursor ( | ) അടുത്ത ബോക്സുകളിലേക്ക് പോകുന്നതിന് ഒരിക്കലും enter key ഉപയോഗിക്കരുത്. ചെറിയ ബോക്സിൽ **(check box)** മൗസ് ക്ലിക്ക്/ space bar press ചെയ്താൽ ബോക്സിൽ ✓ മാർക്ക് വരികയും വീണ്ടും ക്ലിക്ക് / space bar press ചെയ്താൽ ബോക്സിൽ ✓ മാർക്ക് ഇല്ലാതാവുകയും ചെയ്യും. കോമ്പോ ബോക്സുകളിൽ (ക്ലിക്ക് ചെയ്യുമ്പോൾ ഒരു ലിസ്റ്റ് വരുന്നവ) നിന്നും ഡാറ്റാ സെലക്ട് ചെയ്യുവാൻ മൗസ് ഉപയോഗിക്കുക.*

***കോമ്പോ ബോക്സുകളിൽ ഡാറ്റാ സെലക്ട് ചെയ്ത ശേഷം ഉടൻ, ഫോം/സ്ക്രീൻ scroll ചെയ്യുവാൻ മൗസിലെ scroll ബട്ടൻ/കീബോർഡിലെ down arrow key ഉപയോഗിക്കരുത്.*** *ഉപയോഗിച്ചാൽ **കോമ്പോ ബോക്സുകളിൽ സെലക്ട് ചെയ്ത ഡാറ്റാ മാറുവാൻ** സാധ്യതയുണ്ട്.* ഓരോ ഡാറ്റാ എന്റർ ചെയ്യുമ്പോഴും ഡിസ്പ്ലേ ചെയ്യുന്ന message കളും ഓരോ സ്ക്രീനിലേയും message കളും ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുക. ഇതു ഡാറ്റാ എന്ട്രി വളരെ എളുപ്പമാക്കും.

**SSLC School Details**

| | |
|---|---|
| Application Number | 51100000 |
| Select school in which candidate passed Qualifying examination | SELECT SCHOOL * |

**School** കോമ്പോ ബോക്സിൽനിന്നും പത്താം ക്ലാസ്സിൽ പഠിച്ച സ്കൂളിന്റെ പേരോ കോഡോ സെലക്ട് ചെയ്യുക. പ്രോസ്പെക്ടസിലെ ലിസ്റ്റിലില്ലാത്ത സ്കൂളിന്റെ കോഡ് 12345 എന്ന് തെരഞ്ഞെടുക്കുക.

**Qualifying Examination Details**

| | |
|---|---|
| Scheme | 3 - SSLC (2005-2006) |
| Register No. | 23232222 |
| Month pass | 3 |
| Year pass | 2013 |
| Passed in Board exam | Yes * |



**Personal Details**

| | |
|---|---|
| Name | CANDIDATE NAME * |
| Gender | SELECT * |
| Caste | CASTE * |
| Community | SELECT COMMUNITY * belongs to OEC |
| Religion | SELECT RELIGION * |
| Date of Birth | 16-05-1996 |
| Father's Name | FATHER'S NAME * |
| Mother's Name | MOTHER'S NAME * |
| Guardian's Name | GUARDIAN'S NAME * |

അടുത്തതായി **scheme , Register No., month of pass, year of pass, candidate name, Gender, Date of Birth, Caste, Name of guardian, permanent address** എന്നിവ ഡിസ്പ്ലേ ചെയ്യും.

***candidate name*-ൽ സ്പെഷ്യൽ കാരക്റ്റേഴ്സ് (',",/'^,~,`, *etc*) ഉണ്ടെങ്കിൽ അവ *delete* ചെയ്യേണ്ടതാണ്.** ഇതേ **Register No.** ൽ മുമ്പ് വേറേ അപേക്ഷ എന്റർ ചെയ്തിട്ടുണ്ടെങ്കിൽ അപേക്ഷ എന്റർ ചെയ്തിട്ടുണ്ടെന്നുള്ള മെസ്സേജ് ഡിസ്പ്ലേ ചെയ്യും. **candidate name** ടൈപ്പ് ചെയ്ത് *Tab key'* press ചെയ്യുക. **Gender** ബോക്സിൽ, **male** ആണെങ്കിൽ **m** എന്നും **female** ആണെങ്കിൽ **f** എന്നും ടൈപ്പ് ചെയ്ത് *Tab key'* press ചെയ്യുക.

**Date of birth** എന്റർ ചെയ്യുമ്പോൾ **dd/mm/yyyy** എന്ന രീതിയിൽ തന്നെ എന്റർ ചെയ്യുക. രക്ഷാകർത്താവിന്റെ പേര് **Name of guardian** ബോക്സിൽ ടൈപ്പ് ചെയ്യുക.

**Community** ബോക്സിൽ കമ്മ്യൂണിറ്റി കോഡ് (**general** ന് 1, **ezhava** യ്ക്ക് 2 എന്നിങ്ങനെ) ടൈപ്പ് ചെയ്ത് ***Tab key*** ചെയ്തോ മൗസ് ഉപയോഗിച്ചോ സെലെക്ട് ചെയ്യുക. അപേക്ഷകൻ **OEC** യിൽ ഉൾപ്പെടുന്നെങ്കിൽ മാത്രം (പ്രോസ്പെക്ടസ് വായിക്കുക) **belongs to OEC** ബോക്സിൽ ക്ലിക്ക് ചെയ്യുക. സ്കീം 1 ലെ വിദ്യാർത്ഥികളുടെ ജാതി വിവരങ്ങൾ കൂടി കാണാൻ കഴിയും. എന്നാൽ ജാതിക്കനുസൃതമായി കാറ്റഗറി തെരഞ്ഞെടുക്കേണ്ടതുണ്ട്. **SSLC മാർക്ക് ലിസ്റ്റിലെ എല്ലാ കാറ്റഗറികളും അപേക്ഷയിലേക്ക് അതേപോലെ പകർത്താൻ സാധിക്കില്ല. ഉദാഹരണത്തിന് ഈഴവ, മുസ്ലീം, മറ്റ് പിന്നോക്ക ഹിന്ദു വിഭാഗങ്ങൾ, പിന്നോക്ക ക്യസ്ത്യൻ, ലത്തീൻ കത്തോലിക്ക, ധീവര , വിശ്വകർമ, കുശവൻ , കുടുംബി എന്നിവ SSLC യിൽ പൊതുവെ OBC എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രവേശന പ്രക്രിയയിൽ ഇവയോരോന്നും പ്രത്യേക കാറ്റഗറികളാണ്. ഓരോ ജാതിയുടെയും കാറ്റഗറികൾ മനസ്സിലാക്കുന്നതിന് പ്രോസ്പവക്ടസ്സിന്റെ അനുബന്ധം 2 നോക്കുക. അതുപോലെ OEC ഒരു പ്രത്യേക കാറ്റഗറിയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രവേശന പ്രക്രിയയെ സംബന്ധിച്ചിടത്തോളം**

**OEC വിഭാഗത്തിലെ വിദ്യാർത്ഥികൾ ആറ് കാറ്റഗറികളിൽ ഉൾപ്പെടുന്നു; ജനറൽ, പിന്നോക്ക ഹിന്ദു, പിന്നോക്ക കൃസ്ത്യൻ, ധീവര , കുശവൻ , കുടുംബി . ജാതിയുടെ പേര് നോക്കി ഏത് കാറ്റഗറിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തിയശേഷം മാത്രം എന്റർ ചെയ്യുക.**




അപേക്ഷകൻ **linguistic minority** യിൽ ഉൾപ്പെടുന്നെങ്കിൽ **whether belongs to linguistic minority** ബോക്സിൽ ക്ലിക്ക് ചെയ്യുകയും **minority language** ബോക്സിൽ ക്ലിക്ക് ചെയ്ത് ഭാഷ തിരഞ്ഞെടുക്കുകയും ചെയ്യുക(ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിരിക്കണം).

**വിഭിന്നശേഷി വിദ്യാർത്ഥികളെ സംബന്ധിച്ച്** Medical Board , Counseling/ Verification സർട്ടിഫിക്കറ്റുകൾ ഉള്ളതനുസരിച്ച് Whether Applicant is Differently Abled എന്ന ചെക്ക് ബോക്സിൽ ക്ലിക്ക് (✓ മാർക്ക്) ചെയ്യുക. അപ്പോൾ വിഭിന്നശേഷി തരം , ജില്ലാതല കൗൺസലിങ് വിവരവും റഫറൺസ് നമ്പറും ഡാറ്റബേസിൽ നിന്നും ദൃശ്യമാകുന്നതാണ്. പ്ലസ് വൺ പ്രവേശനം തേടുന്ന എല്ലാ വിഭിന്നശേഷി വിദ്യാർത്ഥികളും ജില്ലാതല കൗൺസലിങിന് വിധേയമാകണം.




അപേക്ഷകൻ താമസിക്കുന്ന **State, district, taluk, Local Body** എന്നിവ ഓരോന്നായി കോമ്പോ ബോക്സിൽനിന്നും സെലെക്ട് ചെയ്യുക.






അപേക്ഷകന്റെ സ്ഥിരമേൽവിലാസം, permanent address എന്നതിന് താഴെയുള്ള മൂന്ന് ബോക്സുകളിൽ ടൈപ്പ് ചെയ്യുക. PIN എന്ന കോളത്തിൽ നിർബന്ധമായും പിൻ നമ്പർ ടൈപ്പ് ചെയ്യണം. permanent address ഉം communication address ഉം ഒന്നാണെങ്കിൽ **same as** permanent എന്നതിന് മുന്നിലുള്ള ബോക്സിൽ ക്ലിക്ക് ചെയ്യുക, അല്ലെങ്കിൽ Present address എന്ന ബോക്സുകളിൽ അപേക്ഷാ ഫാറത്തിലെ communication address ടൈപ്പ് ചെയ്യുക.

Phone number എന്ന കോളത്തിൽ **നിർബന്ധമായും** അപേക്ഷകന്റെ Phone number ടൈപ്പ് ചെയ്യണം.

e-mail id **ഉണ്ടെങ്കിൽ** e-mail id ബോക്സിൽ ടൈപ്പ് ചെയ്യുക.




No of chances taken for passing the qualifying exam എന്ന ബോക്സിൽ, വിദ്യാർത്ഥി എത്രാമത്തെ ചാൻസിലാണ് ജയിച്ചത് എന്ന് കൃത്യമായി പരിശോധിച്ച് ശ്രദ്ധയോടെ എന്റർ ചെയ്യുക.




എല്ലാ വിവരങ്ങളും എന്റർ ചെയ്ത് കഴിഞ്ഞാൽ “Submit Details” എന്ന ബട്ടനിൽ ക്ലിക്ക് ചെയ്യുക.

Grade DetailsEntry സ്ക്രീൻ കാണാം.



**Grade Details**

Application Number :- 51100000
Scheme Studied :- 3 - SSLC (2005-2006)
Qualifying Exam Register Number / Roll No :- 23232222

Candidate details saved successfully!

| Paper Code | Paper Name | Grade |
|---|---|---|
| 1 | First Language- I | SELECT |
| 2 | First Language- II | SELECT |
| 4 | English - I | SELECT |
| 5 | English - II | SELECT |
| 7 | Hindi | SELECT |
| 8 | Social Science -I | SELECT |
| 9 | Social Science - II | SELECT |

സെലെക്ട് ചെയ്ത scheme ന് അനുസരിച്ച് ഗ്രേഡോ, മാർക്കോ എന്റർ ചെയ്യാനുള്ള അടുത്ത സ്ക്രീൻ ലഭിക്കും.

<u>Scheme 1 ന്റെ ഗ്രേഡ് എൻട്രി സ്ക്രീൻ</u>



Grade Details

Application Number :- 51100001
Scheme Studied :- 1 - SSLC (2013-2014)
Qualifying Exam Register Number / Roll No :- 100015

Candidate details saved successfully!

| Paper Code | Paper Name | Grade |
|---|---|---|
| 1 | First Language- I | A |
| 2 | First Language- II | A+ |
| 6 | English | C+ |
| 7 | Hindi | B |
| 10 | Social Science | D+ |
| 11 | Physics | B |
| 12 | Chemistry | C |
| 13 | Biology | C+ |
| 18 | Mathematics | D+ |
| 19 | Information Technology | A+ |

Submit Reset

Scheme 1 ലെ കുട്ടിയാണെങ്കിൽ ഗ്രേഡ് ഡിസ്പ്ലേ ചെയ്യും. ശരിയാണോ എന്ന് മാർക്ക് ലിസ്റ്റ് നോക്കി ഉറപ്പ് വരുത്തുക.

## വിവിധസ്കീമുകളിലെ മാർക്ക് എൻട്രി: നിർദ്ദേശങ്ങൾ

ഡേറ്റാ എൻട്രി ചെയ്യുന്ന വേളയിൽ സംശയമുണ്ടാകാനിടയുള്ള സ്കീമുകളുടെ വിവരങ്ങൾ മാത്രമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

# Scheme (CBSE)

ഈ സ്കീമിന് രണ്ട് തരത്തിലുള്ള മാർക്ക്/ ഗ്രേഡ് എൻട്രി സ്ക്രീനുകളുണ്ട്. സ്കീം CBSE എന്ന് രേഖപ്പെടുത്തിയ അപേക്ഷകരുടെ മാർക്ക്/ ഗ്രേഡ് എൻട്രി സ്ക്രീൻ വരുന്നതിന് മുമ്പ് താഴെക്കാണുന്ന പേജ് പ്രത്യക്ഷമാകും.



Select Mode of Mark/Grade entry

CBSE Certificate with Marks ○ CBSE Certificate with Grades ○

Submit

മാർക്ക് രീതിയോ ഗ്രേഡ് രീതിയോയെന്നാണ് ചോദിച്ചിരിക്കുന്നത്. മാർക്ക് രീതിയിലാണെന്ന് രേഖപ്പെടുത്തിയാൽ താഴെക്കാണുന്ന പേജ് വരും.

**Grade Details**

**Application Number :-** 51100000
**Scheme Studied :-** 5 - CBSE
**Qualifying Exam Register Number / Roll No :-** 23232222

All the fields are required!

| Paper Code | Paper Name | Min.Mark | Max.Mark | Mark | Grade |
|---|---|---|---|---|---|
| 6 | English | 33 | 100 | | |
| 7 | Language | 33 | 100 | | |
| 18 | Mathematics | 33 | 100 | | |
| 43 | Science and Technology | 33 | 100 | | |
| 10 | Social Science | 33 | 100 | | |

Save Reset

ഈ ബോക്സുകളിൽ ലഭിച്ച മാർക്ക് എന്റർ ചെയ്യാൽ വലതുവശത്ത് തത്തുല്യമായ ഗ്രേഡുകൾ തെളിയും.
ഗ്രേഡ് രീതിയാണെന്ന് രേഖപ്പെടുത്തിയാൽ താഴെക്കാണുന്ന പേജ് വരും.

**Application Number :-** 54100000
**Scheme Studied :-** 5 - CBSE
**Qualifying Exam Register Number / Roll No :-** WRWE/78989

All grades are required!

| Paper Code | Paper Name | Grade |
|---|---|---|
| 6 | English | SELECT |
| 7 | Language | SELECT |
| 18 | Mathematics | SELECT |
| 43 | Science and Technology | SELECT |
| 10 | Social Science | SELECT |

Submit Reset

ഇവിടെ ലഭിച്ച ഗ്രേഡുകൾ ( A1, A2, B1, B2, C1, C2, D എന്നിങ്ങനെയാണ് CBSE ഗ്രേഡുകൾ) കോംബോ ബോക്സുകളിൽ നിന്ന് തെരഞ്ഞെടുത്ത ശേഷം Submit ചെയ്യുക.

# Scheme (ICSE)

**Grade Details**

**Application Number :-** 51100000
**Scheme Studied :-** 6 - ICSE
**Qualifying Exam Register Number / Roll No :-** 23232222

| Paper Code | Paper Name | Min.Mark | Max.Mark | Mark | Grade |
|---|---|---|---|---|---|
| 6 | English | 35 | 100 | | |
| 42 | Language | 0 | 100 | | |
| 23 | History Civics & Geography | 0 | 100 | | |
| 18 | Mathematics | 0 | 100 | | |
| 14 | Science | 0 | 100 | | |
| 36 | Computer Applications | 0 | 100 | | |

Submit Reset

മാർക്ക് ലിസ്ററിലെ മാർക്ക് എന്റർ ചെയ്യുക.(കുറിപ്പ് 1 ശ്രദ്ധിക്കുക) എല്ലാ വിവരങ്ങളും എന്റർ ചെയ്ത് കഴിഞ്ഞാൽ Submit എന്ന ബട്ടനിൽ ക്ലിക്ക് ചെയ്യുക.

**<u>കുറിപ്പ്</u> :-** 1. ഇവിടെ **സ്ക്രീനിൽ** നൽകിയിട്ടുള്ള വിഷയങ്ങൾ വിദ്യാർത്ഥി പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് മാർക്ക് നൽകുന്നവിധം താഴെ സൂചിപ്പിക്കുന്നു. വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം **മാത്തമറ്റിക്സ്** ആണെങ്കിൽ ഇക്കണോമിക്സ്, കംപ്യൂട്ടർ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ടു വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് മാത്തമറ്റിക്സ് മാർക്കായി പരിഗണിക്കാം. വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം **സയൻസ്** ആണെങ്കിൽ എൺവിറോൺമെന്റ് സയൻസ്, അഗ്രികൾച്ചറൽ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ടു വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് സയൻസ് മാർക്കായി പരിഗണിക്കാം. മുകളിൽ പറഞ്ഞ വിഷയങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ പൂജ്യം മാർക്ക് നൽകണം.

കുറിപ്പ് **1:** ഒരു വിദ്യാർത്ഥി കംപ്യൂട്ടർ ആപ്ലിക്കേഷൻ പഠിച്ചിട്ടില്ലെങ്കിൽ Economic Applications, Commercial Applications, Home Science, Fashion Designing, Technical Drawing Applications, Environmental Applications എന്നിവയിലൊന്നിന്റെ മാർക്ക് കംപ്യൂട്ടർ ആപ്ലിക്കേഷന്റെ മാർക്കായി പരിഗണിക്കാം. പകരമുള്ള വിഷയങ്ങളിൽ ഒന്നിലധികം പഠിച്ചിട്ടുണ്ടെങ്കിൽ ആവറേജ് പരിഗണിക്കാം. ഈ വിഷയങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ പൂജ്യം മാർക്ക് നൽകണം.

# <u>Scheme (Other)</u>

(**National Open School, Art HSLC, Other State, Other Country and any otherSchemes not included in scheme list**)


Grade Details

Application Number :- 51100000
Scheme Studied :- 9 - Other
Qualifying Exam Register Number / Roll No :- 23232222

| Paper Code | Paper Name | Grade Point |
|---|---|---|
| 3 | First language | SELECT |
| 6 | English | SELECT |
| 10 | Social Science | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 13 | Biology | SELECT |
| 18 | Mathematics | SELECT |
| 91 | Total Papers in the Qualifying Exam | |
| 92 | Total Grade Points Secured | |

Submit Reset

ഇവിടെ **സ്ക്രീനിൽ** നൽകിയിട്ടുള്ള വിഷയങ്ങൾ പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന പട്ടികയിലെ വിഷയങ്ങളുടെ **ഗ്രേഡ് പോയിൻറ്** നൽകണം.

## Grade Point for First Language:

Malayalam,Hindi,Bengali,Marathi, Telugu ,Urdu ,Gujarati ,Kannada ,Sanskrit ,Punjabi,Assamese ,Nepali ,Oriya,Arabic ,Persian ,Tamil **എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിൻെറ ഗ്രേഡ് പോയിൻറ് നൽകണം. ഇവയിൽ ഒന്നിൽ കൂടുതൽ വിഷയം പഠിച്ചിട്ടുണ്ടെങ്കിൽ ഗ്രേഡ് പോയിൻറ് കൂടിയത് രേഖപ്പെടുത്തണം.**

## Grade Point for Science:

Science ,Home Science **എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിൻെറ ഗ്രേഡ് പോയിൻറ് നൽകണം.**

സയൻസ് വിഷയത്തിന്റെ മാർക്ക് തന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് നൽകുക.

## Grade Point for **Social Science**

Social Science ,Economics,Business Studies,Psychology ,Indian Culture & Heritage

എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിൻെറ ഗ്രേഡ് പോയിൻറ് നൽകണം.

ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ/അല്ലെങ്കിൽ വിഷയങ്ങളുമായി കൂടുതൽ ബന്ധമുള്ളവ പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് പൂജ്യം(0) മാർക്ക് നൽകണം.

ഇപ്രകാരം നൽകി "total papers in the qualifying" ന്റെ എണ്ണം കണക്കാക്കുമ്പോൾ സയൻസ് ३ വിഷയമായി കണക്കിലെടുക്കണം.

**മാർക്ക് ലിസ്ററിലെ എല്ലാ പേപ്പറിന്റെയും എണ്ണമാണ് total papers in the qualifying എന്ന ബോക്സിൽ എന്റർ ചെയ്യേണ്ടത്. എന്നാൽ പഠിക്കാത്ത വിഷയത്തിന് ഗ്രേഡ് പോയിന്റ് പൂജ്യമായി നൽകിയാൽ "total papers in the qualifying"ൽ അത് ഉൾപ്പെടുത്തരുത്.**

**മാർക്ക് ലിസ്ററിലെ എല്ലാ പേപ്പറിന്റെയും ഗ്രേഡ് പോയിന്റ് ഓരോന്നായി കണ്ട് പിടിച്ച് കൂട്ടി കിട്ടുന്നതാണ് Total grade points secured എന്ന ബോക്സിൽ എന്റർ ചെയ്യേണ്ടത്.** എല്ലാ വിവരങ്ങളും എന്റർ ചെയ്ത് കഴിഞ്ഞാൽ Submit എന്ന ബട്ടനിൽ ക്ലിക്ക് ചെയ്യുക.

## OPTION ENTRY

**Grade Entry , Submit ചെയ്ത ശേഷം മാത്രമേ OPTION ENTRY ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു അപേക്ഷകന്റെ candidate Details നോടൊപ്പം അപേക്ഷകന്റെ ഓപ്ഷൻസ് തീർച്ചയായും എന്റർ ചെയ്തിരിക്കണം. അപേക്ഷകന്റെ പൊതുവിവരങ്ങളും ഗ്രേഡ്/ മാർക്ക് വിവരങ്ങളും എന്റർ ചെയ്തുകഴിയുമ്പോൾ താഴെക്കാണുന്ന പേജ് ദൃശ്യമാകും.**




കർസർ ആദ്യ ഓപ്ഷൻ എന്റർ ചെയ്യാനായി സ്കൂൾ കോഡിന്റെ ബോക്സിൽ നിൽക്കുന്നത് കാണാം. ആദ്യ ഓപ്ഷന്റെ സ്കൂൾ കോഡ് ടൈപ്പ് ചെയ്ത ശേഷം **TAB** കീ press ചെയ്യുക. ഇപ്പോൾ താഴെക്കാണുന്ന മാതൃകയിൽ കർസർ കോംബിനേഷൻ കോഡിന്റെ ബോക്സിലെത്തി നിൽക്കുകയും ആദ്യം ടൈപ്പ് ചെയ്ത സ്കൂളിൽ ലഭ്യമായ കോഴ്സ് കോംബിനേഷനുകളുടെ പട്ടിക മുകളിൽ തെളിയുകയും ചെയ്യും.




കോഴ്സ് കോഡ് ടൈപ്പ് ചെയ്ത ശേഷം ഓപ്ഷൻ സേവ് ചെയ്യാനായി **ENTER** കീ press ചെയ്യുക. സേവ് ചെയ്ത് കഴിഞ്ഞ ഓപ്ഷനുകൾ സ്ക്രീൻ -ൽ കാണുന്നത് പോലെ എഡിറ്റ് ചെയ്യാനും ഡിലീറ്റ് ചെയ്യാനും കഴിയുന്ന രീതിയിൽ ക്രമത്തിൽ തെളിഞ്ഞുകൊണ്ടിരിക്കും.




കി ബോർഡിലെ TAB—ം ENTER—ം ഉപയോഗിച്ച് എല്ലാ ഓപ്ഷനുകളും എന്റർ ചെയ്യുക.

# VERY IMPORTANT

ഓപ്ഷൻ രേഖപ്പെടുത്തുന്ന സമയത്ത് വിദ്യാർത്ഥിയുടെ **GENDER** , വിഭിന്നശേഷി വിദ്യാർത്ഥികളെ സംബന്ധിച്ച് അവരുടെ എലിജിബിൾ കോഴ്സ് എന്നിവയുടെ സാധുത പരിശോധിക്കുന്നതാണ്. എലിജിബിൾ സ്കൂൾ/കോഴ്സുകൾ മാത്രമേ രേഖപ്പെടുത്തുവാൻ സാധിക്കുകയുള്ളു.

അപേക്ഷകന്റെ പൊതു വിവരങ്ങൾ ,ഗ്രേഡ് വിവരങ്ങൾ , ഓപ്ഷനുകൾ എന്നിവ രേഖപ്പെടുത്തി കഴിഞ്ഞ് **Preview & Confirm** ബട്ടൺ ക്ലിക്ക് ചെയ്യണം. അപ്പോൾ അപേക്ഷ വിവരങ്ങൾ മൊത്തമായി ദൃശ്യമാകുന്നതാണ്. അപേക്ഷ വിവരങ്ങൾ ഒരിക്കൽ കൂടി പരിശോധിച്ച് ആവശ്യമെങ്കിൽ FINAL CONFIRMATION ബട്ടൺ ക്ലിക്ക് ചെയ്ത് തിരുത്തലുകൾ വരുത്തി സബ്മിറ്റ് ചെയ്യാവുന്നതാണ്.




FINAL CONFIRMATION ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ താഴെ കാണുന്ന തരത്തിലുള്ള ജാഗ്രതാസന്ദേശം കാണാവുന്നതാണ്.




**OK** ബട്ടൺ ക്ലിക്ക് ചെയ്താൽ അപേക്ഷയുടെ പ്രിൻറ് എടുക്കുന്നതിനുള്ള പേജ് ദൃശ്യമാകുന്നതാണ്.




അപേക്ഷാ വിവരങ്ങൾ അന്തിമമായി സമർപ്പിച്ചു കഴിഞ്ഞ ശേഷം വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പു വെച്ച അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വെരിഫിക്കേഷനായി സമർപ്പിക്കേണ്ടതാണ്.

### അപേക്ഷ വീണ്ടും പ്രിൻറ് എടുക്കുന്നതിന് :

ഒരിക്കൽ ഓൺലൈനായി അപേക്ഷിച്ചവർക്കു തങ്ങളുടെ അപേക്ഷ വീണ്ടും കാണുന്നതിനോ ,പ്രിൻറ് എടുക്കുന്നതിനോ കേൻഡിഡേറ്റ് ലോഗിൻ പേജിൽ അപേക്ഷ സമർപ്പിച്ച ജില്ല, സ്പോർട്സ് രജിസ്ട്രേഷൻ നമ്പർ ,സ്കീം ,രജിസ്റ്റർ നമ്പർ , യോഗ്യതാ പരീക്ഷ പാസ്സായ മാസം, വർഷം ,ജനന തീയതി എന്നിവ കൊടുത്തു ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്താൽ മതിയാകും.

### അപേക്ഷ അന്തിമമായി സമർപ്പിച്ച ശേഷം തിരുത്തൽ വരുത്തുന്നതിന്:

ഓൺലൈനായി അപേക്ഷ അന്തിമമായി സമർപ്പിച്ച ശേഷം ഏതെങ്കിലും തരത്തിലുള്ള തെറ്റുകൾ അപേക്ഷകർ കണ്ടെത്തിയാൽ പ്രസ്തുത വിവരം ഓൺലൈൻ അപേക്ഷയുടെ പ്രിൻെറാട്ടും അനുബന്ധ രേഖകളും

വെരിഫിക്കേഷനായി സമർപ്പിക്കുന്ന സ്കൂൾ പ്രിൻസിപ്പാളിനെ രേഖാമൂലംഅറിയിച്ച് തിരുത്തേണ്ടതാണ്.

**അപേക്ഷാവിവരങ്ങളുടെ വെരിഫിക്കേഷൻ കഴിഞ്ഞാൽ മാത്രമെ വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷകൾ ഓൺലൈനായി പരിശോധിക്കാൻ സാധിക്കൂ.**

**അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാവുകയാണെങ്കിൽ പ്രസ്തുത വിവരം വിദ്യാർത്ഥികൾ hseadmission@gmail.com എന്ന ഇ–മെയിലിലൂടെ ഐ.സി.റ്റി സെല്ലിൽ അറിയിക്കേണ്ടതാണ്. അന്നേ ദിവസം തന്നെ മറുപടി ലഭിക്കുന്നതാണ്.**

**ഫോൺ നമ്പർ : 0471 2529855, 0471 2529856 ,0471 2529857**